Point of Order

ക്രമപ്രശ്നം

(2) 2025-ലെ കേരള സ്വകാര്യ സർവകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ മടക്കിവാങ്ങുന്നത് സംബന്ധിച്ച്

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ചട്ടം 118 പ്രകാരമല്ല പ്രസ്തുത പ്രമേയം സഭയിൽ അവതരിപ്പിക്കേണ്ടതെന്നാണ് ആദ്യമായി പറയാനുള്ളത്. നിയമനിർമ്മാണവുമായി ബന്ധപ്പെട്ട വിഷയമായതിനാൽ കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 94 അനുസരിച്ചാണ് പ്രമേയം അവതരിപ്പിക്കേണ്ടത്. ഇതുസംബന്ധിച്ച് മുൻ സ്പീക്കർമാർ വിശദമായ റൂളിങ്ങുകൾ നൽകിയിട്ടുണ്ട്. സ്വകാര്യ സർവകലാശാലകൾ സ്ഥാപിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനുമായി ' 2025-ലെ കേരള സ്വകാര്യ സർവകലാശാല (സ്ഥാപനവും നിയന്ത്രണവും) ബിൽ' പാസ്സാക്കുകയും ഗവർണർക്ക് അയക്കുകയും തുടർന്ന് ഗവർണർ ടി ബിൽ ഇന്ത്യൻ പ്രസിഡന്റിന് അയക്കുകയും ചെയ്തു. സാധാരണഗതിയിൽ ഇന്നയിന്ന കാര്യങ്ങൾ പരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് ടി ബിൽ പ്രസിഡന്റിൽ

നിന്ന് ഗവർണർക്കും ഗവർണർ വഴി നിയമസഭയ്ക്കും ലഭ്യമാക്കണം. ഓണർഷിപ്പ് സംബന്ധിച്ചും ഡിപ്പോസിറ്റ് സംബന്ധിച്ചുമുള്ള ചില കാര്യങ്ങളുണ്ടെന്ന് ഉന്നയിച്ച് കേന്ദ്ര ആഭ്യന്തര വകുപ്പുദ്യോഗസ്ഥൻ കത്തയയ്ക്കുകയുണ്ടായി. ആ കത്ത് സംബന്ധിച്ച് ഗവൺമെന്റിന് ഒരു കാര്യം തീരുമാനിക്കാം; ഗവൺമെന്റ് ഒരു കാര്യം തീരുമാനിക്കുമ്പോൾ ഇപ്പോഴും ടി ബിൽ സഭയുടെ പ്രോപ്പർട്ടിയാണ്. സഭ പാസ്സാക്കി അയച്ച ബില്ലായതിനാൽ അത് സഭയുടെ പ്രോപ്പർട്ടിയാണെന്നാണ് എല്ലാ ൂളിങ്ങുകളും പറഞ്ഞിട്ടുള്ളത്. റെസൊല്യൂഷൻ വഭരണഘടനയുടെ 201-ാം അനുച്ഛേദംഴി മാത്രമെ സഭയിൽ എന്തെങ്കിലും ഭേദഗതി ചെയ്യാനോ/തീരുമാനിക്കാനോ സാധിക്കുകയുള്ളൂ എന്നാണ്. അതിനുപകരം ഇവിടെ എന്താണ് സംഭവിച്ചത്; ഇവിടെ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നുവെന്ന് പറഞ്ഞ് ഗവൺമെന്റ് സെക്രട്ടറി ഒരു ഉത്തരവ് ഇറക്കിയിരിക്കുകയാണ്. പ്രസ്തുത ഉത്തരവിൽ ‘ In view of the

observations raised by the concerned Union Ministries regarding the provisions of the Bill relating to compulsory ownership/possession of land and compulsory security deposit/fixed deposit, the constitutional and porcedural aspects relating to this matter have been clarified by the Law Department as per Reference (5) above.' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് തികച്ചും സഭയോടുള്ള അവഹേളനമാണ്. ഒരു ഗവൺമെന്റ് ഓർഡറിൽ ' The Kerala Private Universities (Establishment and Regulation) Bill, 2025, presently referred to the Hon'ble President, shall be withdrawn, in the next session of the Kerala Legislative Assembly, through a resolution under Rule 118 of the Rules of Procedure and Conduct of Business in the Kerala Legislative Assembly, in accordance with the legal advice rendered.' എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. പ്രസ്തുത ഉത്തരവിൽ ' shall be withdrawn' എന്നാണ് പറഞ്ഞിരിക്കുന്നത്. സഭയുടെ പ്രോപ്പർട്ടി എന്ന് പറയുമ്പോൾ അത് സഭയിലെ എല്ലാ അംഗങ്ങളുടെയും

പ്രോപ്പർട്ടിയാണ്. സഭയിൽ ഒരു ബിൽ അവതരിപ്പിച്ചുകഴിഞ്ഞാൽ, സഭയിൽ ഭൂരിപക്ഷമുള്ള ഒരു കക്ഷിക്ക് പ്രമേയം കൊണ്ടുവന്ന് അതിന്മേൽ തീരുമാനമെടുക്കാം. പക്ഷെ, ഇത് കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ഉൾപ്പടെയുള്ള ഉദ്യോഗസ്ഥന്മാർ...., ഉദ്യോഗസ്ഥന്മാർ എന്നു പറഞ്ഞത്, തിരഞ്ഞെടുപ്പ് കമ്മീഷൻ ഇപ്പോൾ ഉദ്യോഗസ്ഥന്മാരായി; കേന്ദ്രത്തിലെ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഉദ്യോഗസ്ഥന്റെ സ്വഭാവമാണ് കാണിക്കുന്നത്. അവരുൾപ്പടെ ചെയ്ത കാര്യങ്ങൾ ലിസ്റ്റ് 6 അനുസരിച്ച് excess of power ആണെന്നും Excess of deligation ആണെന്നും, Arbitary excersise of powers ആണെന്നുമൊക്കെ ബഹു. സുപ്രീം കോടതി വ്യക്തമാക്കിയതാണ്. ഇതുപോലെ സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥൻ ഒരു ഓർഡർ ഇറക്കിയിരിക്കുകയാണ്. it shall be….., മാൻഡേറ്ററി ആവുകയാണ്. ഈ അസംബ്ലി ടി ബിൽ പിൻവലിച്ചോണം എന്ന് ഓർഡർ ഇറക്കാൻ ഒരു ഉദ്യോഗസ്ഥന് എങ്ങനെയാണ് സാധിക്കുക? ഇങ്ങനെ

നിബന്ധന വയ്ക്കുന്നത് ബഹു. സ്പീക്കറോടും സഭാംഗങ്ങളോടുമുള്ള അവഹേളനമാണ്; അങ്ങനെ ചെയ്യാൻ പാടില്ല. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ ചട്ടം 118, 94 എന്നിവ സംബന്ധിച്ച് വളരെ വ്യക്തമായി നിർവചിച്ചിട്ടുണ്ട്. ചട്ടം 69 മുതലുള്ള ഖണ്ഡികകളിലാണ് നിയമനിർമ്മാണത്തെ സംബന്ധിച്ച് വിശദീകരിക്കുന്നത്. ചട്ടം 94 അനുസരിച്ച് മാത്രമെ നിയമസഭ പാസ്സാക്കിയൊരു നിയമം പിൻവലിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചട്ടം 118 അനുസരിച്ചാണ് പ്രമേയം അവതരിപ്പിച്ചത്. ചട്ടങ്ങളിലെ വ്യവസ്ഥകൾക്കുവിധേയമായി, 'ഒരംഗത്തിനോ ഒരു മന്ത്രിക്കോ സാമാന്യമായി പൊതുതാൽപര്യമുള്ള ഒരു സംഗതിയെ സംബന്ധിക്കുന്ന ഒരു പ്രമേയം അവതരിപ്പിക്കാമെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 118 -ൽ പറയുന്നുണ്ട്. ചട്ടം 118 അനുസരിച്ച് " Subject

to the provisions of these rules, a Member or a Minister may move a resolution relating to the matter of general public interest" എന്നാണ് പറയുന്നത്. ഇത് ജനറൽ പബ്ലിക് ഇന്ററസ്റ്റാണോ? അതെങ്ങനെ ഇന്റർപ്രറ്റ് ചെയ്യാം. സഭ പാസ്സാക്കി സഭയുടെ പ്രോപ്പർട്ടിയായി ഇവിടെനിന്നും അയച്ചൊരു ബില്ലാണിത്. അങ്ങേയ്ക്ക് മുമ്പുള്ള എത്രയോ സ്പീക്കർമാർ ഇതുസംബന്ധിച്ച് ആവർത്തിച്ച് പറഞ്ഞിട്ടുള്ളതാണ്. ഇവിടെ അങ്ങ് പറയുന്ന റൂളിങ്ങും ഭാവിയിൽ ഏറ്റവും പ്രധാനപ്പെട്ട രേഖയായിരിക്കും. റൂളിങ്ങ് വളരെ പ്രധാനപ്പെട്ടതാണ്. 06-07-2010-ൽ സഭ ഒരു ബിൽ പാസ്സാക്കി. "ബഹുമാനപ്പെട്ട ഗവർണറുടെയോ ബഹുമാനപ്പെട്ട പ്രസിഡന്റിന്റെയോ അനുമതിക്കായി അയച്ചാലും അനുമതി ലഭിച്ചില്ലെങ്കിൽ ആ ബിൽ സഭ മുമ്പാകെ നിലവിലുള്ള ബില്ലായി കണക്കാക്കാവുന്നതാണ്. അപ്രകാരമുള്ള ബിൽ സഭ പാസ്സാക്കുന്ന പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ മാത്രമെ പിൻവലിക്കാൻ കഴിയുകയുള്ളൂ." ഇങ്ങനെയുള്ള റൂളിങ്ങ് നേരത്തെ തന്നെ സ്പീക്കർ തന്നിട്ടുണ്ട്. ഇതുപോലെയുള്ള പല റൂളിങ്ങുകളുമുണ്ട്. 2011-ൽ സഭ പാസ്സാക്കിയ 'പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക്

ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ' പിൻവലിക്കണമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം നിർദേശിച്ചു. ആ ബിൽ പിൻവലിക്കാൻ സഭയോട് ആവശ്യപ്പെടേണ്ടിയിരുന്നത് ബഹുമാനപ്പെട്ട പ്രസിഡന്റ് ആണെന്നും, അതിനാൽ കേന്ദ്ര ആഭ്യന്തരവകുപ്പ് കൈകൊണ്ട നടപടി നിയമാനുസൃതമല്ലെന്നുമുള്ള 30-07-2015-ലെ റൂളിങ് നിലവിലുണ്ട്. കേന്ദ്ര ആഭ്യന്തരവകുപ്പിനോ സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാർക്കോ ഡിപ്പാർട്ട്മെന്റിനോ നിയമസഭാ ബിൽ പിൻവലിച്ചുകൊള്ളണം, "shall be" എന്ന് പറയാൻ പറ്റില്ലെന്നത് റൂളിങ്ങാണ്. രാഷ്ട്രീയ പ്രശ്നമല്ല സഭയുടെ അവകാശത്തിന്റെ പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. പ്രസിഡന്റിന്റെ നിർദേശം എന്ന നിലയിൽ ഇവിടെ പരിശോധിക്കുകയല്ലാതെ ഉദ്യോഗസ്ഥന്മാർ പറഞ്ഞതനുസരിച്ച് ചെയ്യേണ്ടതല്ല. 2013-ൽ 'കേരള ഗ്രാന്റ്സ് ആൻഡ് ലീസസ് (ഭേദഗതി) ബിൽ' പിൻവലിച്ചതും 17-05-2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പിൻവലിച്ചതും ചട്ടം 94 പ്രകാരമാണ്. അതുകൊണ്ട് ചട്ടം 118 പ്രകാരമുള്ള ഈ പ്രമേയത്തിന്

അനുമതി കൊടുക്കാൻ പാടില്ല. ഇക്കാര്യത്തിൽ അങ്ങയുടെ റൂളിങ്ങുണ്ടാവണം. കാരണം ചട്ടം 118 അനുസരിച്ചല്ല പ്രമേയം അവതരിപ്പിക്കേണ്ടത്. സഭയുടെ ഒരു പ്രോപ്പർട്ടി യിന്മേൽ വകുപ്പിലെ ഒരു ഉദ്യോഗസ്ഥന് ഇങ്ങനെയൊരു തീരുമാനമെടുക്കാൻ സാധിക്കില്ല. ഞാൻ ഒരു പ്രത്യേക ഉദ്യോഗസ്ഥനെക്കുറിച്ചല്ല പറയുന്നത്, പക്ഷെ അദ്ദേഹവും ഇക്കാര്യം ശ്രദ്ധിക്കണം. അദ്ദേഹം മൂന്ന് പാരഗ്രാഫുള്ള ഒരു ഓർഡർ ഇറക്കിയ. മന്ത്രി എന്താണ് ചെയ്യേണ്ടതെന്നും, മന്ത്രി ഇങ്ങനെ ഒരു നിയമം കൊണ്ടുവരണമെന്നും, ഈ സഭ ഇതെല്ലാം കേൾക്കണമെന്നും പറഞ്ഞ് ലെജിസ്ലേച്ചറിന്റെ പവറിലും റൈറ്റിലും എക്സിക്യൂട്ടീവ് കൈകടത്താൻ പറ്റില്ല. അതുകൊണ്ട് ചട്ടം 118 പ്രകാരം എന്നത് മാറ്റി ചട്ടം 94 അനുസരിച്ചാണെങ്കിൽ അങ്ങനെ ചെയ്യണം. കേന്ദ്ര ആഭ്യന്തര വകുപ്പിന് അങ്ങനെ പറയാൻ അവകാശമില്ല, പകരം പ്രസിഡന്റ് ഓഫ് ഇന്ത്യ പറയണമെന്ന് എത്രയോ പ്രാവശ്യം ബഹുമാനപ്പെട്ട സ്പീക്കർമാർ പറഞ്ഞിട്ടുണ്ട്. ഗവർണർ വഴിയാണ് അത് വരേണ്ടത്. അങ്ങനെയല്ലെങ്കിൽ അത് നമുക്ക് പുനർചിന്തിക്കാം. ചട്ടം 118 അനുസരിച്ചല്ല വരേണ്ടത്. ചട്ടം

118 അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ഇത് വിത്ഡ്രോ ചെയ്യണമെന്നൊരു ഉത്തരവ് ഇറക്കിയിരിക്കുകയാണ്. ഇത് അപമാനകരമാണ്. സർക്കാർ വന്നതിന്റെ അടുത്ത ആഴ്ചയിലായതുകൊണ്ട് ആയിരിക്കും ഇങ്ങനെ പറഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അത് തന്നെയാണ് ക്രമപ്രശ്നം. ചട്ടം 118 അനുസരിച്ചല്ല പ്രമേയം അവതരിപ്പിക്കേണ്ടത്, ചട്ടം 94 അനുസരിച്ചാണ് വരേണ്ടത്. അങ്ങയുടെ മന്ത്രിസഭ വന്നപ്പോൾ ഉദ്യോഗസ്ഥന്മാർ വേലി ചാടിക്കടന്ന് അമിതമായി ഓർഡറുകൾ ഇറക്കുന്നുവെന്നത് തന്നെയാണ് പ്രശ്നം. ആദ്യം വന്ന മന്ത്രിമാരെന്ന നിലയിൽ നിങ്ങൾ കാര്യങ്ങൾ പഠിപ്പിച്ച് അവരെ മനസ്സിലാക്കണം. ബാക്കിയുള്ളവർ പുതിയ മന്ത്രിമാരാണ്. അവർ പർപ്പസായിട്ടാണ് ചട്ടം 118 കൊണ്ടുവന്നത് എന്ന് ഞാൻ കരുതുന്നില്ല. പക്ഷെ, സഭയുടെ പൊതു അവകാശമനുസരിച്ചേ ചെയ്യാൻ പാടുള്ളൂ.

<u>ശ്രീ. കെ. രാജൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഇത് നിയമസഭയോടുള്ള അനാദരവായി കാണേണ്ടതുണ്ട്. ബിൽ അവതരിപ്പിക്കാനും ഭേദഗതി ചെയ്യാനും

പാസ്സാക്കാനും പിൻവലിക്കാനുമുള്ള ഭരണഘടനാപരമായ വ്യവസ്ഥകൾ പ്രകാരം നിയമസഭയ്ക്കുള്ള അവകാശമാണെന്നത് അങ്ങേയ്ക്ക് നന്നായി അറിയാവുന്നതാണ്. ഗവൺമെന്റ് ഒരു ബിൽ സഭയ്ക്ക് മുമ്പാകെ അവതരിപ്പിച്ചാൽ പിന്നെ ഗവൺമെന്റിന് അക്കാര്യത്തിൽ ഒന്നും ചെയ്യാനില്ല. അത് ഗവൺമെന്റിന്റെ പ്രോപ്പർട്ടിയിൽ നിന്നും മാറി നിയമസഭയുടെ പ്രോപ്പർട്ടിയാകുകയാണ്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ, 17-09-2026-ന് "shall be withdrawn" എന്ന് സർക്കാർ ഉത്തരവുവഴി തീരുമാനിക്കുന്നത് ക്രമപ്രകാരമല്ല. എന്നുമാത്രമല്ല അങ്ങ് ഉൾപ്പെടുന്ന ഈ സഭയോടുള്ള അവഹേളനമായി മാറുകയാണ്. ഇത് നിയമസഭയ്ക്ക് മാർക്ക് ചെയ്യാൻപോലും കൊടുക്കാതെ പ്രിൻസിപ്പൽ സെക്രട്ടറി, to the Honourable Governor, സെക്രട്ടറി ലോ ഡിപ്പാർട്ട്മെന്റ്, ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്, വൈസ് ചെയർമാൻ കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ, ഹയർ എഡ്യുക്കേഷന്റെ വെബ്സൈറ്റ്..... നിയമസഭയോട് ഒന്ന് പറയുകപോലും ചെയ്യാതെ വിത്ഡ്രോ ചെയ്യുമെന്ന് മുൻകൂട്ടി പ്രഖ്യാപിക്കുന്നത് അവഹേളനമാണ്. രണ്ടാമതൊരു പ്രശ്നം

കൂടിയുള്ളത്, ഇവിടെ ചട്ടം 118-ഉം ചട്ടം 94-ഉം ചർച്ച ചെയ്തല്ലോ. ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എൻ. ബാലഗോപാൽ സൂചിപ്പിച്ചതുപോലെ ചട്ടം 94 പ്രകാരം നിരവധി ബില്ലുകൾ ഈ സഭ എടുത്തിട്ടുണ്ട്. The Code of Criminal Procedure (Kerala) amendment bill 2023, 1999-ലെ കേരള ഗ്രാന്റുകളുടെ ലീസുകളും (അവകാശങ്ങൾ പരിഷ്കരിക്കൽ) ഭേദഗതി ബിൽ പുന:പരിശോധിക്കണമെന്ന രാഷ്ട്രപതിയുടെ നിർദേശമനുസരിച്ച് ചട്ടം 94 പ്രകാരം പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ രാഷ്ട്രപതിയുടെ നിർദേശമില്ല. ഒരു സ്പഷ്ടീകരണത്തിനുവേണ്ടി ആഭ്യന്തര മന്ത്രാലയത്തിൽനിന്നും സംസ്ഥാന ഗവൺമെന്റിനോട് ചോദിച്ചിട്ടുണ്ടെന്നാണ് ഈ പ്രമേയത്തിൽ തന്നെ പറയുന്നത്. ൬ൾ 200 പ്രകാരം ഗവർണർക്ക് ലഭ്യമായിട്ടുള്ള നാലവകാശങ്ങളിൽ ഒന്ന് അദ്ദേഹം വിനിയോഗിച്ചുകൊണ്ട് രാഷ്ട്രപതിക്ക് അയച്ചൊരു ബിൽ, രാഷ്ട്രപതി ഭവനിൽനിന്ന് പിൻവലിക്കണം എന്ന് പറയുകയോ ഏതെങ്കിലും വിധത്തിലുള്ള നടപടിക്രമപ്രകാരം നിർദേശങ്ങൾ നൽകുകയോ ചെയ്യുന്നതിനുപകരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽനിന്ന്

സർക്കാരിനോട് ചോദിച്ച ഒരു സ്പഷ്ടീകരണം മാത്രം വച്ചുകൊണ്ട് സഭ ചേരാനിരിക്കെ സഭയുടെ മുമ്പാകെ ഒരു ഉദ്യോഗസ്ഥൻ നിയമസഭയെ അവഹേളിക്കുംവിധം ഉത്തരവിറക്കി ചട്ടം 118 പ്രകാരം ഇവിടെ അവതരിപ്പിക്കുന്നത് ക്രമപ്രകാരല്ല. അതിന് അങ്ങ് റൂളിങ് കൊടുക്കണം എന്ന അഭ്യർത്ഥിക്കുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. പിണറായി വിജയൻ): സർ, ഇത് വളരെ ഗൗരവമായി പരിഗണിക്കേണ്ട ഒരു വിഷയമാണ്. യഥാർഥത്തിൽ ഭരണഘടനാപരമായി സാധുതയില്ലാത്ത ഒരു പ്രശ്നമാണ് ഇപ്പോൾ വന്നുകൊണ്ടിരിക്കുന്നത്. നിയമസഭ ഒരു ബിൽ പാസ്സാക്കി അത് ഗവർണർക്ക് അയയ്ക്കുന്നു, ഗവർണർ ഭരണഘടനയുടെ 201-ാം അനുച്ഛേദം പ്രകാരം രാഷ്ട്രപതിക്ക് അയയ്ക്കേണ്ടതാണെങ്കിൽ രാഷ്ട്രപതിക്ക് അയയ്ക്കുന്നു. രാഷ്ട്രപതിക്ക് അനുമതി നൽകാം, അനുമതി നൽകാതിരിക്കാം, നിഷേധിക്കാം, പുനഃപരിശോധനയ്ക്കായി നിയമസഭയിലേക്ക് തിരിച്ചുമയയ്ക്കാം. ഇതൊക്കെ 201-ാം അനുച്ഛേദത്തിൽ വ്യക്തമാക്കിയിട്ടുള്ള

കാര്യമാണ്. ഇത്തരമൊരു ഘട്ടത്തിൽ സർക്കാരിന് മറ്റൊരു ബിൽ കൊണ്ടുവരാനാകുമോ എന്ന ഗൗരവമായ പ്രശ്നം ഉദിക്കുന്നുണ്ട്. അത്തരമൊരു നിർദേശം ഭരണഘടനയ്ക്കും നിയമസഭയുടെ അധികാരപരിധിക്കും വിരുദ്ധമായ ഒന്നായിട്ടാണ് വരുന്നത്. ബിൽ തിരിച്ചയയ്ക്കാൻ രാഷ്ട്രപതിയോട് അഭ്യർഥിക്കണമെന്ന് ഗവർണറോട് ആവശ്യപ്പെടാനാകില്ല. ബിൽ തിരികെ വാങ്ങാൻ ഗവർണർക്ക് അധികാരമില്ല. കേന്ദ്രസർക്കാരിന്റെ ഉപദേശപ്രകാരം മാത്രമെ രാഷ്ട്രപതി ബിൽ നിയമസഭയിലേക്ക് തിരിച്ചയയ്ക്കാറുള്ളൂ. ബിൽ തിരിച്ചയച്ചാൽ രാഷ്ട്രപതിയുടെ നിർദേശങ്ങൾ സ്വീകരിച്ച് സഭയ്ക്ക് ബിൽ വീണ്ടും പാസ്സാക്കാം. രാഷ്ട്രപതിയുടെ പരിഗണനയ്ക്കുവേണ്ടി ഗവർണർക്ക് അയയ്ക്കുകയും ചെയ്യാം. അല്ലെങ്കിൽ നിർദേശങ്ങൾ സ്വീകരിക്കാതെ നേരത്തെയുള്ള ബിൽതന്നെ വീണ്ടും പാസ്സാക്കാനും നിയമസഭയ്ക്ക് അധികാരമുണ്ട്. ഭരണഘടനാപരമായി മറ്റ് നടപടിക്രമങ്ങളൊന്നും സ്വീകരിക്കാൻ ഈ ഘട്ടത്തിൽ ആവില്ലെന്ന കാര്യം ഓർക്കണം. അത്തരമൊരു ഘട്ടത്തിലാണ് "The Government proposes to withdraw

the existing bill and introduce a new bill in accordance with its policy of facilitating and promoting the establishment of high quality....." എന്നിങ്ങനെ ഉത്തരവ് വന്നിട്ടുള്ളത്. ഇതെല്ലാം പരിശോധിച്ചുകൊണ്ടായിരിക്കണം അങ്ങ് റൂളിങ്ങ് നടത്തേണ്ടത്.

ശ്രീ. പി. പ്രസാദ്: സർ, ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ നിയമസഭയുടെ അധികാരത്തിനും അവകാശത്തിനുംമേലുള്ള കടന്നുകയറ്റമായാണ് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ഈ ഉത്തരവിനെ കാണുന്നത്. അതിൽ പറഞ്ഞിരിക്കുന്നതു പോലെ ചട്ടം 118 പ്രകാരമുള്ള പ്രമേയം അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായിരിക്കുകയാണ്. "A Minister may move a resolution relating to a matter of general public interest" എന്ന ചട്ടം 118 ആണ് ഇതിനായി വിനിയോഗിക്കുന്നത്. സഭയിൽ ഒരു ബിൽ അവതരിപ്പിക്കാം, ഭേദഗതി ചെയ്യാം, പാസ്സാക്കാം, പിൻവലിക്കാം എന്നെല്ലാമുള്ള ഭരണഘടനാപരമായ വ്യവസ്ഥകൾക്കനുസരിച്ച് ചട്ടപ്രകാരമാണ് നിർവഹിക്കേണ്ടത്. എന്നാൽ ഇത്തരം കാര്യങ്ങൾ ഒരു സർക്കാർ ഉത്തരവ്

വഴി നിർവഹിക്കുമെന്ന് പ്രഖ്യാപിച്ചതിനുശേഷം സഭയുടെ മുമ്പിലേക്ക് വരുന്നത് ക്രമപ്രകാരമല്ലെന്നുള്ളതാണ് ഈ സഭ ഗൗരവത്തിൽ കാണേണ്ടത്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഒരു ബിൽ പിൻവലിക്കുന്നതിന് ഈ സഭയുടെ അനുവാദം വേണം. അങ്ങനെയിരിക്കെ തന്നെ "Shall be withdrawn" എന്നൊരു സർക്കാർ ഉത്തരവിലൂടെ പറയുക, അത് ഹയർ എഡ്യൂക്കേഷന്റെ വെബ്സൈറ്റിൽ അടക്കം പ്രസിദ്ധീകരിക്കുക...., നിയമസഭയോ, ബഹുമാനപ്പെട്ട സ്പീക്കറോ, സ്പീക്കർ ഓഫീസോ മാർക്ക് ചെയ്യാതെ നിയമസഭയെ ഇരുട്ടിൽ നിർത്തിക്കൊണ്ട് ഒരു സർക്കാർ ഉത്തരവിറക്കുക, അത് ഹയർ എഡ്യൂക്കേഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക, "Shall be withdrawn" (പിൻവലിക്കും) എന്ന് പ്രഖ്യാപിക്കുക, ഇതൊക്കെ നിയമസഭയോടുള്ള കടുത്ത അവഹേളനം തന്നെയാണ്. ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ ചട്ടം 94 ഉപയോഗിച്ച് ബിൽ പിൻവലിക്കാമെന്നിരിക്കെ..., ഗവൺമെന്റ് ഓർഡറിൽ എന്ത് നിയമ പ്രശ്നമാണ് വരുന്നത്? സഭയുടെ അധികാരത്തിൽ നിൽക്കുന്ന, സഭ

പാസ്സാക്കിയിരിക്കുന്ന ഒരു ബിൽ രാഷ്ട്രപതിക്ക് അയച്ച് അവിടെ തള്ളുകയോ സ്വീകരിക്കുകയോ ചെയ്യുന്ന എന്ന അന്തിമ തീർപ്പ് കൽപ്പിക്കുന്നതിന് മുമ്പായി ഞങ്ങൾ പിൻവലിക്കുന്ന എന്ന് ഒരു ഉദ്യോഗസ്ഥൻ സർക്കാർ ഉത്തരവിറക്കുമ്പോൾ അത് സഭയോടുള്ള അങ്ങേയറ്റത്തെ അവഹേളനമാണ്. ഇത് ഭരണപക്ഷ-പ്രതിപക്ഷ പ്രശ്നമല്ല. നിയമസഭയ്ക്ക് വിലയും അവകാശവും അധികാരവുമുണ്ട്. നിയമസഭയുടെ പ്രോപ്പർട്ടിയായ ബില്ലിന്റെ കാര്യത്തിലാണ് ഇത്തരം പ്രശ്നങ്ങളുണ്ടായിരിക്കുന്നത്. അതുകൊണ്ട് ഇക്കാര്യത്തിൽ ഭരണഘടന ഉറപ്പുനൽകുന്നതനുസരിച്ചും ചട്ടങ്ങൾക്കനുസരിച്ചും മാത്രമായിരിക്കണം മുമ്പോട്ടുപോകേണ്ടത്. അല്ലെങ്കിൽ ഇതൊരു മോശപ്പെട്ട കീഴ്വഴക്കമായി പോകുമെന്ന തരത്തിലെത്തും. അതുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കർ ഈ കാര്യത്തിന് അനുവാദം കൊടുക്കരുതെന്നാണ് അഭ്യർഥിക്കാനുള്ളത്.

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രതിപക്ഷാംഗങ്ങളും ഇവിടെ ക്രമപ്രശ്നമായി ഉന്നയിച്ചിരിക്കുന്ന കാര്യങ്ങൾ കേരള മന്ത്രിസഭ

Point of Order

16-09-2026-ന് സ്വീകരിച്ച തീരുമാനം പ്രസ്താവിക്കുന്ന 17-09-2026-ലെ സർക്കാർ ഉത്തരവിനെ സംബന്ധിച്ചാണ്. എന്നാൽ പ്രസ്തുത ഉത്തരവിൽ Bill Shall be Withdrawn through a resolution under Rule 118 of the Rules എന്ന് പ്രസ്താവിച്ചതാണ് ക്രമപ്രശ്നമായി പ്രതിപാദിച്ചിരിക്കുന്നത്. ഈ ഉത്തരവിൽ വരാവുന്ന തെറ്റിദ്ധാരണ നീക്കുന്നതിനായി 10-10-2026-ലെ 660/2026/H.Ed. നമ്പർ സർക്കാർ ഉത്തരവ് സർക്കാർത്തന്നെ ഭേദഗതി ചെയ്തിട്ടുണ്ട്. അത് ഇപ്രകാരമാണ് " A resolution under Rule 118 shall be move requesting to return the bill" എന്ന് 10-10-2026-ൽ പുതിയ ഉത്തരവിലൂടെ ഭേദഗതി ചെയ്യുകയും 17-09-2026-ന് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ പ്രതിപാദിച്ച ഉത്തരവ് റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ പോയിന്റ് ഓഫ് ഓർഡറിൽ ഉന്നയിക്കുന്ന ആ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതല്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്നുകൂടി അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ,.....(മൈക്ക് ഓഫ്).....

മി. സ്പീക്കർ: അങ്ങ് പറഞ്ഞതെല്ലാം ഞാൻ സാവകാശം കേട്ടു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ,.....(മൈക്ക് ഓഫ്).....

ശ്രീ. റോജി എം. ജോൺ: സർ, ചട്ടം 118, 94 എന്നിവയെ സംബന്ധിച്ച തർക്കമാണ് ഇവിടെ സൂചിപ്പിച്ചത്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ നേരത്തെ സൂചിപ്പിച്ച അല്ലെങ്കിൽ സഭയുടെ കീഴ്വഴക്കങ്ങൾ പ്രകാരം ചട്ടം 94 അനുസരിച്ച് വിഡ്രോ ചെയ്തിട്ടുള്ള ബില്ലുകളെല്ലാംത്തന്നെ ബഹുമാനപ്പെട്ട രാഷ്ട്രപതി അത് പിൻവലിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിയമസഭയ്ക്ക് തിരിച്ചയച്ച ബില്ലുകളാണ്. പക്ഷെ, ഇപ്പോൾ നമ്മൾ നേരിടുന്നത് പുതിയതായിട്ടുണ്ടായിരിക്കുന്ന ഒരു സാഹചര്യമാണ്. ഈ ബിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിഗണനയിലാണ്. ആ ബിൽ തിരിച്ചയച്ചിട്ടില്ല എന്നതാണ് വസ്തുത. അതിനാൽ ഇത് പുതിയ സാഹചര്യമാണ്. ഒരുപക്ഷെ കേരള നിയമസഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടായിരിക്കും ഇങ്ങനെയൊരു സാഹചര്യം വരുന്നത്. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് (2025-ൽ) പാസ്സാക്കിയ 2025-ലെ കേരള സ്വകാര്യ സർവകലാശാല

(സ്ഥാപനവും നിയന്ത്രണവും) ബിൽ ഒന്നരവർഷത്തോളമായി വലിയ അനിശ്ചിതത്വത്തിൽ നിൽക്കുകയാണ്. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും സ്വകാര്യ സർവകലാശാലകളും വിദേശ സർവകലാശാലകളുമൊക്കെ നിയമം വഴി സ്ഥാപിതമാകുകയും നല്ലരീതിയിൽ പ്രവർത്തിച്ച് മുന്നോട്ടുപോകുകയുമാണ്. കേരളത്തിൽ മാത്രം സ്വകാര്യ സർവകലാശാലകൾ കൊണ്ടുവരുന്നതിനുള്ള ഒരു സാഹചര്യം ഇപ്പോൾ ഈ ബില്ലിൽ അനശ്ചിതത്വം നിലനിൽക്കുന്നതുകൊണ്ട് സാധ്യമല്ലാതായിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട് വളരെ വ്യക്തമാണ്. കഴിഞ്ഞ ബിൽ ഏകകണ്ഠമായാണ് നിയമസഭ പാസ്സാക്കിയത്. പക്ഷെ ആ ബിൽ 2025-ൽ ഏകകണ്ഠമായിട്ടാണ് പാസ്സാക്കിയതെങ്കിൽകൂടിയും ബില്ലിലെ പ്രൊവിഷൻസിനെ സംബന്ധിച്ച് അന്നത്തെ പ്രതിപക്ഷമായിരുന്ന ഞങ്ങൾക്ക് ആശങ്കകളുണ്ടായിരുന്നു. മൂന്നാം വായനയിൽ അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യങ്ങളെല്ലാം വളരെ വിശദമായി സഭയിൽ പറഞ്ഞിട്ടുള്ളതാണ്. എന്നിരുന്നാലും തത്വത്തിൽ സ്വകാര്യ

സർവകലാശാലകൾ കേരളത്തിൽ വരണമെന്ന അഭിപ്രായത്തോട് യോജിച്ചുകൊണ്ടുതന്നെ ഏകകണ്ഠമായി ആ ബിൽ പാസ്സാക്കുകയാണ് ചെയ്തത്. എന്നിരുന്നാലും അതിപ്പോൾ രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുകയും ബില്ലിനെ സംബന്ധിച്ച് അനശ്ചിതത്വം നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മുന്നോട്ടുപോകാൻ മറ്റ് മാർഗങ്ങളില്ലാതായിരിക്കുകയാണ്. ഈ ഗവൺമെന്റ് സ്വകാര്യ സർവകലാശാലകളുടെയും ഡീംഡ് യൂണിവേഴ്സിറ്റികളുടെയും വിദേശ സർവകലാശാലകളുടെയും കാര്യത്തിലായാലും കൃത്യമായ കാഴ്ചപ്പാടോടുകൂടി സംസ്ഥാനത്ത് ഇതെല്ലാം സ്ഥാപിതമാക്കുന്നതിന് വേണ്ടിയുള്ള ഒരു സാഹചര്യം ഒരുക്കണമെന്നും അതിലേക്കുള്ള നിയമനിർമ്മാണത്തിലേക്ക് കടക്കണമെന്നുമാണ് ആഗ്രഹിക്കുന്നത്. നിലവിലെ സാഹചര്യത്തിൽ ഈ ബിൽ, It is a request to return the bill ചട്ടം 118 പ്രകാരം അവതരിപ്പിക്കണമെന്ന് അഭ്യർഥിക്കുകയാണ്. നേരത്തെ സൂചിപ്പിച്ച 17-09-2026-ലെ സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് പുതിയ ഉത്തരവ് പുറപ്പെടുവിച്ച കാര്യവും ബഹുമാനപ്പെട്ട സഭയെ അറിയിക്കുകയാണ്.

Point of Order

മി. സ്പീക്കർ: ബഹുമാനപ്പെട്ട കെ. എൻ. ബാലഗോപാൽ, ഞാൻ റൂളിങ്ങിലേക്ക് കടക്കുന്നതിനുമുമ്പായി ഒരു തെറ്റിദ്ധാരണ ഉണ്ടാകാതിരിക്കുന്നതിനായി 'കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ' - ലെ ചട്ടം 94 സൂചിപ്പിക്കുകയാണ്.

'ചട്ടം 94 - ബിൽ പിൻവലിക്കൽ- ബില്ലിന്റെ ഏതെങ്കിലും ഘട്ടത്തിൽ ബില്ലിന്റെ ചുമതല വഹിക്കുന്ന അംഗത്തിന്,-

(എ) ബില്ലിൽ ഉൾക്കൊള്ളുന്ന നിയമനിർമ്മാണനിർദ്ദേശം വേണ്ടെന്നുവയ്ക്കണമെന്നോ;'

(ബി) ബില്ലിനുപകരം, അതിലെ വ്യവസ്ഥകൾക്ക് സാരമായ മാറ്റം വരുത്തുന്ന ഒരു പുതിയ ബിൽ പിന്നീട് കൊണ്ടുവരാനുണ്ടെന്നോ; അഥവാ

(സി) ബില്ലിനുപകരം, മറ്റ് വ്യവസ്ഥകൾക്കുപുറമെ അതിലെ എല്ലാ വ്യവസ്ഥകളും അല്ലെങ്കിൽ ഏതെങ്കിലും വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന മറ്റൊരു ബിൽ പിന്നീട് കൊണ്ടുവരാനുണ്ടെന്നോ ഉള്ള കാരണത്താൽ ബിൽ പിൻവലിക്കാനുള്ള അനുവാദത്തിന് അഭ്യർഥിക്കാവുന്നതാണ് ' എന്ന്

പറഞ്ഞിട്ടുണ്ട്. നിലവിൽ സഭയ്ക്കകത്ത് നിൽക്കുന്ന ഒരു ബില്ലാണിത്. എന്നാൽ ഇത് ബഹുമാനപ്പെട്ട ഗവർണ്ണർ മുഖാന്തരം രാഷ്ട്രപതിക്ക് അയച്ചുപോയി. അതിനാൽ ഇത് സഭയുടെ പ്രോപ്പർട്ടിയല്ല. ഇത് പ്രസിഡന്റ് ഓഫ് ഇന്ത്യയുടെ കൈയിലാണ് നിൽക്കുന്നത്. അതുകൊണ്ട് ചട്ടം 94 ഇവിടെ ബാധകമാകുമോയെന്ന് ബഹു. അംഗം ഒരിക്കൽകൂടി പരിശോധിക്കണം. ചട്ടം 94 പ്രകാരമല്ല ബിൽ പിൻവലിക്കേണ്ടതെന്നാണ് അനുഭവപരിചയത്തിന്റെ അടിസ്ഥാനത്തിൽ എന്റെ അഭിപ്രായം.